**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **09-06-2021 - ൽ മറുപടിയ്ക്ക്**

**രക്ഷാപ്രവർത്തനം നടത്തിയ മത്സ്യ തൊഴിലാളികൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയസമയത്ത് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ സ്വന്തം ബോട്ടുകളുമായി മനുഷ്യ ജീവനുകളെ രക്ഷിക്കാനെത്തിയ മത്സ്യ തൊഴിലാളികളുടെ തകരാറിലായ ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗയോഗ്യമാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും പ്രളയ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 485 എഞ്ചിനുകൾക്കും 592 വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ തീർത്തു നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇന്ധനച്ചെലവ് ഉൾപ്പെടെ 2,59,46,436/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ അതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും പ്രളയ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 485 എഞ്ചിനുകൾക്കും 592 വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ തീർത്തു നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇന്ധനച്ചെലവ് ഉൾപ്പെടെ 2,59,46,436/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | രക്ഷാപ്രവർത്തനം നടത്തിയ മത്സ്യ തൊഴിലാളികൾക്കായി മറ്റ് സഹായങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ? | (സി) | ഫിഷറീസ് വകുപ്പിന്റെ എല്ലാ ക്ഷേമ പ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കളാണ് കേരളത്തിന്റെ സൈന്യമായ മത്സ്യത്തൊഴിലാളികൾ. എന്നാൽ പ്രളയത്തിൽ അവരുടെ യാനങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോൾ യാനങ്ങൾക്കു കേടുപാടുകൾ ഉണ്ടാകുകയും ആയതു പരിഹരിച്ചു നൽകുകയും ചെയ്തു. അവരുടെ ധീരമായ കാരുണ്യപ്രവൃത്തിക്ക് സർക്കാർ തലത്തിൽ വിപുലമായ ചടങ്ങിൽ |

| | | | |
|---|---|---|---|
| | | | ആദരിക്കുകയും പ്രശംസാപത്രം നൽകി അനുമോദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ